# നഗരകാര്യവകുപ്പ് റീജിയണൽ ജോയിന്റ് ഡയറക്ടറുടെ ഉത്തരവ് നടപടികൾ

നഗരകാര്യവകുപ്പ് റീജിയണൽ ജോയിന്റ് ഡയറക്ടർ ആഫീസ്, കൊല്ലം- ചട്ടവിരുദ്ധമായി പ്ലാൻ തയ്യാറാക്കി സമർപ്പിച്ച രജിസ്ട്രേഡ് സൂപ്പർവൈസർ ശ്രീ. എൽ .ജ്ഞാനദാസിന്റെ സൂപ്പർവൈസർ എ രജിസ്ട്രേഷൻ സസ്പെന്റ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

നം. ഇ- 1381/16 കൊല്ലം, തീയതി : 16/01/2017

---

പരാമർശം:

1. ചീഫ് ടൗൺപ്ലാനർ (വിജിലൻസ്) ന്റെ 31/03/16-ലെ CTPVig/119/16 -ാം നമ്പർ റിപ്പോർട്ട്.
2. 25/04/2016-ലെ 542268/ആർഎ1/16/തസ്വഭവ നമ്പർ സർക്കാർ കത്ത്.
3. നഗരകാര്യവകുപ്പ് ദക്ഷിണമേഖലാ ജോയിന്റ് ഡയറക്ടറുടെ 25/10/2016-ലെ ഇ- 1381/16-ാം നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
4. ശ്രീ. എൽ. ജ്ഞാനദാസ്, ബഥനി, മൈലാടി, പുളിയറക്കോണം, തിരുവനന്തപുരത്തിന്റെ 15/11/16-ലെ മറുപടി.
5. ശ്രീ. എൽ. ജ്ഞാനദാസ്, ബഥനി, മൈലാടി, പുളിയറക്കോണം, തിരുവനന്തപുരം, 04/01/17-ൽ നേരിൽ ഹാജരായി സമർപ്പിച്ച മറുപടി.

## ഉത്തരവ്

തിരുവനന്തപുരം ജില്ലയിലെ വിളപ്പിൽ പഞ്ചായത്തിൽ സർവ്വെ നം. 406/15-1-ൽ ഉൾപ്പെട്ട സ്ഥലത്ത് 09/03/12-ലെ എ- 681/12-ാം നമ്പർ പെർമിറ്റ് പ്രകാരം ശ്രീ. വിജയകുമാർ, വിനി.വി.വിൻസന്റ് എന്നിവർക്കു വേണ്ടി നിർമ്മിച്ച കെട്ടിടത്തിൽ നിരവധി ചട്ടലംഘനങ്ങൾ കണ്ടെത്തിയിട്ടുള്ളതിനാൽ പ്രസ്തുത നിർമ്മാണത്തിന് പ്ലാൻ തയ്യാറാക്കി സമർപ്പിച്ച ലൈസൻസി ശ്രീ. എൽ. ജ്ഞാനദാസിനെതിരെ നടപടി സ്വീകരിക്കണമെന്ന് പരാമർശം (1), (2) പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

അനധികൃത പ്ലാനിലും, കെട്ടിടനിർമ്മാണത്തിലും കേരള പഞ്ചായത്ത് കെട്ടിട നിയമത്തിലെ ചട്ടം 27 (5), 56(2), 4(2), 28(1), 56(2), (iii), 56(2) (ii) എന്നിവയുടെ നിരവധി ലംഘനങ്ങൾ കണ്ടെത്തിയിട്ടുള്ളതായും പരാമർശം (2) ൽ സൂചിപ്പിച്ചിട്ടുണ്ട്.

ടി വിഷയത്തിൽ പരാമർശം (3) പ്രകാരം ലൈസൻസിയിൽ നിന്നും വിശദീകരണം തേടുകയും, ആയതിന് ടിയാൻ നൽകിയ മറുപടിയിലും, നേരിൽ ഹാജരായി സമർപ്പിച്ച മൊഴിയിലും ഒരു നില സെല്ലാർ ആയതു കൊണ്ടും ഉടമസ്ഥൻ തന്ന സമ്മതപത്രത്തിൽ നിലകൾ പ്രത്യേകിച്ച് പറയാത്ത സാഹചര്യത്തിലാണ് Celler GI, FF എന്നിങ്ങനെ അതിരിനോട് ചേർത്ത് വരച്ചിട്ടുള്ളതെന്നും ആയത് മന:പൂർവ്വമല്ലായെന്നും .സൂചിപ്പിക്കുന്നു.

1999-ലെ കേരള മുനിസിപ്പൽ കെട്ടിട നിർമ്മാണ ചട്ടം 153-ൽ പ്ലാനിലും, ഡ്രോയിംഗിലും വിവരണങ്ങളിലും സർട്ടിഫിക്കറ്റ് നൽകുകയോ ഒപ്പ് വയ്ക്കുകയോ ചെയ്യുന്ന ലൈസൻസി ആ സർട്ടിഫിക്കറ്റിലും, പ്ലാനിലും ഡ്രോയിംഗിലും വിവരണങ്ങളിലും രേഖപ്പെടുത്തുന്ന വസ്തുതകളുടെ

കുറ്റമില്ലായ്മയ്ക്കും സത്യാവസ്ഥയ്ക്കും ഉത്തരവാദിയായിരിക്കുമെന്നും ലൈസൻസി, സൈറ്റ് പരിശോധന നടത്തി അതിരുകൾ ബോദ്ധ്യപ്പെട്ട ശേഷം മാത്രമെ ബന്ധപ്പെട്ട പ്ലാനുകളും, ഡ്രോയിംഗുകളും തയ്യാറാക്കാൻ പാടുള്ളുവെന്നും നിഷ്ക്കർഷിച്ചിട്ടുണ്ട്.

ലൈസൻസി ശ്രീ. എൽ. ജ്ഞാനദാസ് ടി ചട്ടത്തിൽ അനുശാസിക്കുന്ന വിധത്തിൽ പ്ലാനുകൾ തയ്യാറാക്കിയതായി ബോദ്ധ്യപ്പെടുന്നില്ല.

ടി സാഹചര്യത്തിൽ 1999-ലെ കേരള മുനിസിപ്പൽ കെട്ടിട നിർമ്മാണ ചട്ടം 53 (8) പ്രകാരം ശ്രീ. എൽ.ജ്ഞാനദാസിന്റെ സൂപ്പർവൈസർ എ രജിസ്ട്രേഷൻ (നം E- 4456/14/SA- 730/KLM) മേലിൽ ചട്ടലംഘനങ്ങൾ ആവർത്തിച്ചാൽ കർശന നടപടികൾ സ്വീകരിക്കുന്നതാണെന്ന താക്കീതോടെ ഈ ഉത്തരവു തീയതി മുതൽ 3 മാസത്തേക്ക് സസ്പെന്റു ചെയ്ത് ഉത്തരവാകുന്നു. സസ്പെന്റ് ചെയ്ത വിവരം രേഖപ്പെടുത്തുന്നതിന് ലൈസൻസി ഈ ഉത്തരവ് കൈപ്പറ്റി 7 ദിവസത്തിനകം ലൈസൻസ് രേഖകൾ കൊല്ലം നഗരകാര്യവകുപ്പ് റീജിയണൽ ജോയിന്റ് ഡയറക്ടർ മുമ്പാകെ ഹാജരാക്കേണ്ടതാണ്.

**(ഒപ്പ്)**
**വി.ആർ.രാജു**
**റീജിയണൽ ജോയിന്റ് ഡയറക്ടർ (ഇൻ-ചാർജ്)**

ശ്രീ. എൽ. ജ്ഞാനദാസ്, ബഥനി, മൈലാടി, പുളിയറക്കോണം

പകർപ്പ്:-
1. ഗവ.സെക്രട്ടറി, തദ്ദേശസ്വയംഭരണ (ആർ എ) വകുപ്പ്, തിരുവനന്തപുരം (ആമുഖ പത്രം സഹിതം)
2. നഗരകാര്യവകുപ്പ് തിരുവനന്തപുരം(സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
4. ദക്ഷിണമേഖലയിലെ എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും.
5. റീജിയണൽ ജോയിന്റ് ഡയറക്ടർ, കൊച്ചി/കോഴിക്കോട്.

**ആജ്ഞാനുസരണം/അയയ്ക്കുന്നത്,**

**സൂപ്രണ്ട്**